അടച്ചുപൂട്ടിയ മാവേലി സ്റ്റോറുകളും റേഷൻ കടകളും

38 [5492] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നിലവിലുണ്ടായിരുന്ന എത്ര മാവേലി സ്റ്റോറുകൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര കടകൾ അടച്ചുപൂട്ടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ഒരു മാവേലി സ്റ്റോറും അടച്ചുപൂട്ടിയില്ല.

(ബി) 14140.

(സി) 2001 മേയ് മാസത്തിനുശേഷം 70 റേഷൻ കടകൾ തുറന്നു പ്രവർത്തിക്കാത്തതായിട്ടുണ്ട്. ആ കടകളിലെ റേഷൻ കാർഡുകൾ അടുത്തുള്ള മറ്റു കടകളിൽ ചേർത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	..	22
2.	കൊല്ലം	..	6
3.	പത്തനംതിട്ട	..	5
4.	കോട്ടയം	..	1
5.	തൃശ്ശൂർ	..	6
6.	പാലക്കാട്	..	10
7.	കോഴിക്കോട്	..	10
8.	കണ്ണൂർ	..	7
9.	കാസർഗോഡ്	..	3
	ആകെ	..	70

സ്വാതന്ത്ര്യസമരത്തിന് പ്രചോദനം നൽകിയ സൃഷ്ടികൾ സമാഹരിച്ചു പ്രസിദ്ധീകരിക്കാൻ നടപടി

39 [5493] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയ ഗാനങ്ങൾ, നാടകങ്ങൾ, പ്രഭാഷണങ്ങൾ, ലേഖനങ്ങൾ, എഡിറ്റോറിയലുകൾ എന്നിവ സമാഹരിച്ചു പ്രസിദ്ധീകരിക്കാൻ സാംസ്കാരിക വകുപ്പു പദ്ധതി തയ്യാറാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാംസ്കാരിക രംഗത്ത് സംഭാവനകൾ നൽകിയിട്ടുള്ള സ്വാതന്ത്ര്യ സമര നായകരുടെ ആത്മകഥകൾ, അനുഭവക്കുറിപ്പുകൾ, ജീവചരിത്രങ്ങൾ, സാംസ്കാരിക സംഭാവനകൾ എന്നിവയുടെ പുതിയ പതിപ്പുകൾ തയ്യാറാക്കാൻ മുൻകൈയെടുക്കുമോ;

(സി) സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്രു വിനോബാജി, ജയപ്രകാശ് നാരായണൻ, റാം മനോഹർ ലോഹ്യ, ഡോ. രാധാകൃഷ്ണൻ, എം. എസ്. റോയി, രാജഗോപാലാചാരി തുടങ്ങിയ ദേശീയ നേതാക്കളുടെ കേരള പര്യടന റിപ്പോർട്ടുകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതി മുമ്പാകെ പരിഗണനയ്ക്ക് വയ്ക്കാവുന്നതാണ്.

തടക്കുഴ ശ്രീമഹാദേവ ധർമ്മശാസ്ത്രാക്ഷേത്രം ദേവസ്വം ബോർഡ് ഏറ്റെടുക്കാൻ നടപടി

40 [5494] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ താലൂക്കിൽ ഉടുംപന്നൂർ വില്ലേജിൽ വെള്ളന്താനം കരയിൽ സ്ഥിതി ചെയ്യുന്ന തടക്കുഴ ശ്രീമഹാദേവ ധർമ്മശാസ്താ ക്ഷേത്രം എന്നു മുതലാണ് ദേവസ്വം ബോർഡിന്റെ കൈവശത്തിലായതെന്ന് വ്യക്തമാക്കുമോ;

(ബി) വർഷങ്ങളായി അന്യാധീനപ്പെട്ടുകിടന്ന പ്രസ്തുത ക്ഷേത്രം 1993 മുതൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ മുമ്പ് ഉണ്ടായിരുന്ന ദേവസ്വം ബോർഡിന്റെ നിയന്ത്രണം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് ഇപ്പോഴത്തെ ക്ഷേത്ര ഭരണ സമിതി അംഗങ്ങൾ സർക്കാരിന് നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്ഷേത്രത്തിലെ പൂജകളും ഉൽസവങ്ങളും മറ്റും നന്നായി നടന്നുവരുന്ന സാഹചര്യത്തിൽ ഈ ക്ഷേത്രത്തിന്റെ ഭരണ നിയന്ത്രണം ഏറ്റെടുക്കുന്നതിൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഗണ്യമായ വരുമാനവും സ്വർണ്ണ ഉരുപ്പടികളും വെള്ളിക്കിരീടവും എഴുപതോളം നിലവിളക്കുകളും തൂക്കുവിളക്കുകളും ആവശ്യമായ പൂജാപാത്രങ്ങളും അടക്കമുള്ളവ ദേവസ്വം ബോർഡ് ഏറ്റെടുത്ത് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly